| | | |
|---|---|---|
| 11. ഇരട്ടയാർ | 1989 | 10 |
| 12. ഇടമലയാർ | 1985 | 14 |
| 13. പെരിങ്ങൽകുത്ത് | 1957 | 42 |
| 14. ഷോളയാർ | 1965 | 34 |
| 15. ഷോളയാർ പ്ലാങ്കിംഗ് | 1964 | 35 |
| 16. ഷോളയാർ സാഡിൽ | 1965 | 34 |
| 17. കക്കി | 1966 | 33 |
| 18. ആനത്തോട് | 1967 | 32 |
| 19. പമ്പ | 1966 | 33 |
| 20. അപ്പർമൂഴിയാർ | 1979 | 20 |
| 21. ഗവി | 1990 | 9 |
| 22. കുളളാർ (ശബരിഗിരി ഓഗ്മെന്റേഷൻ) | 1990 | 9 |
| 23. മീനാർ - 1 | 1990 | 9 |
| 24. മീനാർ - 2 | 1990 | 9 |
| 25. വേലുത്തോട് | 1990 | 9 |
| 26. മൂഴിയാർ | 1990 | 9 |
| 27. കുറ്റ്യാടി | 1972 | 27 |
| 28. കോട്ടഗിരി സാഡിൽ | 1991 | 8 |
| 29. കോട്ടഗിരി സാഡിൽ-1 | 1991 | 8 |
| 30. കോട്ടഗിരി സാഡിൽ-2 | 1991 | 8 |
| 31. കുറ്റ്യാടി സാഡിൽ | 1992 | 7 |
| 32. ലോവർ പെരിയാർ | 1997 | 2 |

33. കുറ്റ്യാടി ഓഗ്മെന്റേഷൻ (പണി പൂർത്തിയായിട്ടില്ല)

(ജി) അണക്കെട്ടുകളിൽ നിന്നുള്ള പ്രയോജനം തുടർച്ചയായി ലഭിക്കാനായി അവയുടെ ക്രമമായ പരിശോധന നടത്തുന്നുണ്ട്. എന്തെങ്കിലും പ്രശ്നങ്ങൾ കാണപ്പെട്ടാൽ അവ അപ്പോൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും കൈക്കൊള്ളുന്നുണ്ട്.

അണക്കെട്ടിന്റെ കരകളിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനുള്ള ചില പഠനങ്ങൾ നടത്തി വരുന്നു.

**9 (*39) പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തിരം കഴിഞ്ഞ സാമ്പത്തികവർഷം എത്ര പേർക്ക് വായ്പകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പദ്ധതി പ്രകാരമാണ് വായ്പകൾ അനുവദിച്ചിട്ടുള്ളത്; എത്ര വീതം; ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തികവർഷം വകയിരുത്തിയ തുകയിൽ മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ടോ; അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) 2783 പേർക്ക്

(ബി) വായ്പാ പദ്ധതികളുടെ വിവരവും എണ്ണവും അനുബന്ധം 1 ൽ† ചേർത്തിരിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു.

(സി) ഇല്ല. വിതരണം നടത്തിയ തുകയുടെ വിശദവിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. †

**10 (*40) സംവരണത്തിന്റെ വരുമാന പരിധി ഉയർത്താൻ നടപടി**

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗക്കാർക്ക് കുമാരപിള്ള കമ്മീഷൻ ശുപാർശകൾ പ്രകാരം സംവരണം ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നല്കുന്നതിനുള്ള വരുമാനപരിധി ഉയർത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) 1966-ലെ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) റിപ്പോർട്ടുപ്രകാരം പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനത്തിന് സംവരണാനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ച വരുമാനപരിധി എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര-സംസ്ഥാന ജീവനക്കാരുടെ ശമ്പളം അടുത്തകാലത്ത് വർദ്ധിച്ചപ്പോൾ നേരത്തെ സംവരണാനുകൂല്യത്തിന് അർഹതയുണ്ടായിരുന്ന വലിയൊരു വിഭാഗത്തിന് അത് നഷ്ടമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly